**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1180** **12-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ ദൈനംദിന ആവശ്യത്തിന് വേണ്ടുന്ന മത്സ്യത്തിന്റെ അളവും, സംസ്ഥാനത്ത് നിന്നുള്ള മത്സ്യ ലഭ്യതയുടെ അളവും എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2280 ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ശരാശരി ദൈനംദിന മത്സ്യ ലഭ്യത 1741 ടൺ ആകുന്നു. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ദിനം പ്രതി സംസ്ഥാനത്ത് എത്തുന്ന മത്സ്യത്തിന്റെ അളവ് എത്ര; സംസ്ഥാനത്ത് എത്തുന്ന മത്സ്യങ്ങളിലെ മായം ചേർക്കൽ തടയുവാൻ ഫിഷറീസ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് ഏകദേശം 539 ടൺ ആകുന്നു. പ്രധാനമായും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം കേരളത്തിലേക്ക് എത്തുന്നത്.<br><br>ജില്ലകൾ കേന്ദ്രീകരിച്ച് മൽസ്യ മാർക്കറ്റുകളിലും ഹാർബറുകളിലും മറ്റ് മൽസ്യവിപണന കേന്ദ്രങ്ങളിലും ഭക്ഷ്യവകുപ്പും, ഫിഷറീസ് വകുപ്പും സംയുക്തമായി ഭക്ഷ്യസുരക്ഷ പരിശോധനകൾ നടത്തി വരുന്നുണ്ട്.മൽസ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി ഭക്ഷ്യവകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടത്തുന്ന പദ്ധതിയാണ് "ഓപ്പറേഷൻ മൽസ്യ'. മൽസ്യപരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിക്കുന്നു.<br><br>ശരിയായി ഐസ് ഉപയോഗിക്കാത്തത് മൂലം മാർക്കറ്റുകളിലും മറ്റ് വിപണന കേന്ദ്രങ്ങളിലും എത്തുന്ന കേടായ മൽസ്യം പിടിച്ചെടുത്ത് നശിപ്പിക്കുന്നു.മത്സ്യത്തിലെ മായം കണ്ടെത്താൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ച സ്ട്രിപ്പുകൾ പൊതുവിപണിയിൽ നിലവിൽ ലഭ്യമാണ്. |
| (സി) | ഇത്തരത്തിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് നിലവിലെ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര തോതിലുള്ള മത്സ്യം നശിപ്പിച്ചുവെന്നും എത്ര | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് ഭക്ഷ്യ യോഗ്യമല്ലാത്ത 62202.6 കിലോഗ്രാം മത്സ്യം |

| | | | |
|---|---|---|---|
| | കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | | പിടിച്ചെടുത്ത് നശിപ്പിക്കുകയും, 7 പ്രോസിക്യൂഷൻ കേസുകളും 7 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് മത്സ്യ ഉപഭോഗത്തിനനുസൃതമായി മത്സ്യ ഉല്പാദനം നടത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | എങ്കിൽ മത്സ്യ ഉല്പാദനത്തിൽ / ലഭ്യതയിൽ സംസ്ഥാനം എപ്പോൾ സ്വയംപര്യാപ്തത കൈവരിക്കും എന്നാണ് കരുതുന്നത്; വിശദാംശം നൽകുമോ? | (ഇ) | നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിക്കുകയും നിയമ ലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും ചെയ്തതോടുകൂടി ക്രമേണ മത്സ്യ ഉല്പാദനത്തിൽ / ലഭ്യതയിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കും. വിവിധ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ 2025 വർഷത്തോടു കൂടി ഉൾനാടൻ മത്സ്യകൃഷി മേഖലയിൽ നിന്നും ആകെ 50000 മെട്രിക് ടൺ മത്സ്യ/ ചെമ്മീൻ ഉൽപ്പാദനം ആണ് പ്രതീക്ഷിക്കുന്നത്. നിലവിൽ തരിശു കിടക്കുന്ന 6700 ഹെക്ടർ വിസ്തൃതിയുള്ള കൈപ്പാട്, പൊക്കാളി നിലങ്ങൾ കൂടി മത്സ്യകൃഷിക്കായി ഉപയുക്തമാക്കാൻ കഴിഞ്ഞാൽ 50250 ടൺ ചെമ്മീൻ കൂടി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാനത്ത് മത്സ്യ ഉപഭോഗത്തിനനുസൃതമായി മത്സ്യ ഉല്പാദനം നടത്തുവാനായി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്ന തരത്തിൽ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടും റൂളും കാലോചിതമായി പരിഷ്കരിയ്ക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി യ്ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. നശീകരണ മത്സ്യബന്ധന രീതികളായ പേഴ്സിൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും, മത്സ്യബന്ധന വല നിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ നശീകരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും, തെങ്ങിന്റെ ക്ലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗ ശൂന്യമായ വല എന്നിവ കൂട്ടി കെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്.

ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നു എന്ന് മനസിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു വരുന്നു. കൂടാതെ ട്രോൾ ബാൻ കാലയളവ് 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു.

കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ച് കഴിഞ്ഞു. 2023-24 സാമ്പത്തിക വർഷം 'കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കൽ' എന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 42 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ ആകെ 6300 കൃത്രിമപ്പാരുകൾ നിക്ഷേപിച്ച് പദ്ധതി പൂർത്തീകരിച്ചു. പദ്ധതിയുടെ രണ്ടും, മൂന്നും ഘട്ടങ്ങൾ, ബാക്കി 8 തീരദേശ ജില്ലകളിലും പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെയും, 25.83 കോടി രൂപയുടെ രണ്ട് പ്രൊപ്പോസലുകൾ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മത്സ്യ ഉപഭോഗം പ്രതിവർഷം വർദ്ധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരാളുടെ ശരാശരി മത്സ്യ ഉപഭോഗം 2020-21 വർഷം 18.49 കിലോഗ്രാം, 2021-22 19.53 കിലോഗ്രാം, 2022-23 20.65 കിലോഗ്രാം എന്നിങ്ങനെയാണ്. ആയതു പ്രകാരം ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നു. ഉൾനാടൻ മേഖലയിൽ 2020-21, 2021-22, 2022-23, 2023-24 വർഷങ്ങളിൽ യഥാക്രമം 2.24, 2.25, 2.29, 2.51 ലക്ഷം മെട്രിക് ടൺ ഉൽപ്പാദനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

മുൻ സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾനാടൻ മത്സ്യ കൃഷിക്കായി 10261 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ജനകീയ മത്സ്യകൃഷി, മത്സ്യ വിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും പ്രവർത്തനങ്ങൾ, മത്സ്യ വിഭവ സംരക്ഷണവും

പരിപാലനവും ജലാശയ വിഭവങ്ങളുടെ ആരോഗ്യ മേൽനോട്ടവും നിർവഹണവും ജല സംഭരണികളിലെ മത്സ്യകൃഷി, ജലകൃഷി വിപുലീകരണം എന്നീ പദ്ധതികളാണ് നടപ്പിലാക്കിയത്. മത്സ്യകൃഷി രീതികളിലും മത്സ്യ ഇനങ്ങളിലുമുള്ള വൈവിധ്യവൽക്കരണം മുൻനിർത്തിയാണ് പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. മത്സ്യ കൃഷിയുമായി ബന്ധപ്പെട്ട് കർഷകർക്ക് സാങ്കേതിക പരിശീലനവും മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവയുമായി സബ്സിഡി നൽകുന്നു. 2023-25 കാലയളവിൽ നടപ്പിലാക്കുന്നതിനായി 71.2558 കോടി രൂപ അടങ്കൽ തുകയുടെ ജനകീയ മത്സ്യകൃഷി പദ്ധതിക്ക് അംഗീകാരം നൽകുകയും അതിൻ പ്രകാരം പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിലേക്ക് 41.02 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 9704.86 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷിയും 2100 യൂണിറ്റ് കൂടുകൃഷി, 241 എണ്ണം റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, 3475 എണ്ണം പട്ടുതാക്കുളത്തിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. തോടുകൾ, കനാലുകൾ, കൈവഴികൾ, അരുവികൾ തുടങ്ങി മത്സ്യകൃഷിക്ക് അനുയോജ്യമായതും നിലവിൽ ഉപയുക്തമാക്കാത്തതുമായ പൊതുജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുകയും അതുവഴി മത്സ്യോത്പാദനം വർദ്ധിപ്പിക്കുകയും മത്സ്യ കർഷകർക്കും തൊഴിലാളികൾക്കും സുസ്ഥിര വരുമാനം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇത്തരം ജലാശയങ്ങളിൽ വല വളപ്പുകൾ നിർമ്മിച്ചും പരിസ്ഥിതി സൗഹൃദ രീതിയിൽ താൽക്കാലിക ചിറകൾ (തടയണകൾ) കെട്ടിയും തദ്ദേശീയ മത്സ്യവിത്തുകൾ നിക്ഷേപിച്ച് ശാസ്ത്രീയ പരിപാലന മുറകളിലൂടെ വളർത്തിയെടുക്കുന്നതിന് എംബാങ്ക്മെന്റ് പദ്ധതി ലക്ഷ്യമിടുന്നു. ആയതിലേക്ക് ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 492 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 25 ഹെക്ടർ ജലാശയത്തിലും 35 വലവളപ്പുകളിലും മത്സ്യകൃഷി നടത്തിവരുന്നു.

ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിനും ആയത് മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനുമായി ഫിഷറീസ് വകുപ്പ്, അഡാക്ക്, മത്സ്യഫെഡ് എന്നിവയുടെ കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും 1339.78 ലക്ഷം മത്സ്യ/ചെമ്മീൻ വിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. സംസ്ഥാനത്ത് പിന്നാമ്പുറങ്ങളിലെ കരിമീൻ മത്സ്യ വിത്തുല്പാദന യൂണിറ്റുകളും വരാൽ മത്സ്യ വിത്തുല്പാദന യൂണിറ്റുകളും സ്ഥാപിക്കുന്നതിന് 475 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും ആയതനുസരിച്ച് 539 യൂണിറ്റുകൾ പൂർത്തീകരിക്കുകയും 97.51 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. മത്സ്യ കർഷകർക്കായി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മേക്കായയുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്തുൽപ്പാദനത്തിനായി 50 ലക്ഷം ഉൽപ്പാദന ശേഷിയുള്ള വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലും ആണ്. ഇടുക്കി ജില്ലയിലെ ചെങ്കളത്ത് ഒരു മൾട്ടി സ്പീഷിസ് ഫിഷ് സീഡ് ഫാം സ്ഥാപിക്കുന്നതിനായി 654.95 ലക്ഷം രൂപയുടെ അനുമതി ലഭ്യമാകുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും 2023-24 വർഷം 370 ലക്ഷം രൂപയുടെ 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോ സിസ്റ്റം' എന്ന പദ്ധതി പ്രകാരം 148.25 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ വാമനപുരം, വേമ്പനാട്, അഷ്ടമുടി, കുറ്റ്യാടി, കടലുണ്ടി, ചേറ്റുവ, അഞ്ചരക്കണ്ടി കായലുകളിൽ നിക്ഷേപിച്ചു. 200 ലക്ഷം രൂപയുടെ റിസർവോയർ പദ്ധതിയുടെ ഭാഗമായി മണിയാർ, പമ്പ, പൊന്മുടി, മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്കൽ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽക്കുത്ത്, ഷോളയാർ (ലോവർ) എന്നീ റിസർവോയറുകളിൽ 4514.10 ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം എണ്ണം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു. പദ്ധതിയുടെ ഭാഗമായി വേമ്പനാട് കായലിൽ 20 മത്സ്യ സംരക്ഷണ കേന്ദ്രങ്ങളും 17 കക്ക സംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിച്ച് സംരക്ഷിച്ചു വരുന്നു.

പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 53.925 കോടി, 2021-22 ൽ 78.90 കോടി, 2022-23 ൽ 32.84 കോടി, 2023-24 ൽ 51.445 കോടി രൂപ അടങ്കൽ തുകയുടെ ഉൾനാടൻ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ ഓരുജല കൃഷി, അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, ബയോഫ്ലോക്ക്, ആർ.എ.എസ്. തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുന്നു. 614 ആർ.എ.എസ്. 744 ബയോഫ്ലോക്ക്, 640 കല്ലുമ്മെക്കായ യൂണിറ്റുകൾ, 706 അലങ്കാര മത്സ്യകൃഷി യൂണിറ്റ്,

664 ഓരുജല കൂട് കൃഷി, 176.9 ഹെക്ടർ പ്രദേശത്ത് ഓരുജല കൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ